പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1446 — 03/10/2016 -ൽ മറുപടിക്ക്

## നായ്ക്കളുടെ കടിയേറ്റവർക്ക് നല്കുന്ന വാക്സിൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് നായ്ക്കളുടെ കടിയേറ്റവർക്ക് നല്കുന്ന വാക്സിന്റെ പരാജയത്തോത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) | സംസ്ഥാനത്ത് നായ്ക്കളുടെ കടിയേറ്റവർക്ക് നല്കുന്ന വാക്സിന്റെ പരാജയത്തെ സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| ബി) | പേവിഷബാധയേറ്റവർക്ക് നല്കുന്ന വാക്സിൻ, പരാജയപ്പെട്ട കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) | പേവിഷ ബാധയ്ക്ക് നൽകുന്ന റാബീസ് വാക്സിൻ നൽകിയതിനെത്തുടർന്ന് ചില രോഗികളിൽ 'giddiness, nausea, vomiting, general weakness' എന്നീ ലക്ഷണങ്ങൾ അനുഭവപ്പെട്ടതായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, പന്തളം പബ്ലിക് ഹെൽത്ത് സെന്റർ, എന്നിവരിൽ നിന്നും വിവരം ലഭിച്ചതിന്റെ അടിസ്ഥാന-ത്തിൽ ഡ്രഗ്സ് കൺട്രോളർ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ്, ഹൈദ്രാബാദ് എന്ന കമ്പനി ഉൽപ്പാദിപ്പിച്ച റാബീസ് വാക്സിന്റെ (ബാച്ച് നം.എ.വൈ.ബി 6013) സാമ്പിളുകൾ നിയമപ്രകാരം ശേഖരി-ക്കുകയും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി, കസൗളി (ഹിമാചൽ പ്രദേശ്)-ലേക്ക് ഗുണനിലവാര പരിശോധനയ്ക്ക് അയയ്ക്കുകയും പ്രസ്തുത സാമ്പിൾ ഗുണനിലവാരം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ടി മരുന്നിന്റെ ചില വിപരീത ഫലം സംബന്ധിച്ച പരാതി അല്ലാതെ മരുന്നിന്റെ നിർവ്വീര്യം സംബന്ധിച്ച മറ്റ് പരാതികളൊന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | ആന്റി റാബിസ് വാക്സിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടോ; പരിശോധന നടത്തുന്ന ലാബുകളുടെ വിവരങ്ങൾ നൽകാമോ; | സി) | സർക്കാർ ആശുപത്രികളിൽ പേവിഷബാധയ്ക്കുള്ള ആന്റി റാബിസ് വാക്സിൻ വാങ്ങി സംഭരിച്ച് വിതരണം ചെയ്യുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആണ്. മാത്രമല്ല പ്രസ്തുത മരുന്ന് സംഭരിക്കുന്നതിനുള്ള ടെൻഡർ നിബന്ധനകൾ പ്രകാരം നിർമ്മാതാക്കൾ അവർ വിതരണം ചെയ്യുന്ന ഓരോ ബാച്ച് മരുന്നുകളുടെയും ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ടുകൾ സഹിതമാണ് വിതരണം നടത്തേണ്ടതും. മരുന്നിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനാവശ്യമായ ശീതീകരണ സംവിധാനം ($2^{\circ}$ C to $8^{\circ}$ C) ഈ മരുന്നിന്റെ ട്രാൻസ്പോർട്ടിംങ് ഉടനീളം ഉറപ്പുവരുത്തി വിതരണം ചെയ്യേണ്ടതാണെന്ന വ്യവസ്ഥയുണ്ട്. ഇപ്രകാരം വിതരണം ചെയ്തതിനുശേഷവും മരുന്നിന്റെ കാലാവധിയിലുടനീളം/ മരുന്ന ഉപയോഗിക്കുന്നതുവരെ പ്രസ്തുത ശീതീകരണ സംവിധാനത്തിന് മാത്രമേ മരുന്ന് സംഭരിച്ചു വയ്ക്കാൻ പാടുള്ളൂ. നിലവിൽ റാബിസ് വാക്സിൻ പരിശോധിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്തെ മരുന്ന പരിശോധന ലാബുകളിൽ ഇല്ല. ടി മരുന്നുകളുടെ ഗുണനിലവാര പരിശോധയ്ക്കായി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ഡ്രഗ്സ് ലാബോറട്ടറി, കസൗളി ഹിമാചൽ പ്രദേശിൽ മാത്രമേ നിലവിലുള്ളൂ. ടി ലാബിൽ നിയമപ്രകാരം സാമ്പിൾ എടുത്ത് പരിശോധനയ്ക്ക് കൊണ്ടുപോകുന്നതിന് ചില നിബന്ധനകൾ ഉണ്ട്. മരുന്ന് സാമ്പിളുകൾ എടുക്കുന്നതു മുതൽ വിമാന മാർഗ്ഗേന പരിശോധനയ്ക്ക് കൊണ്ട് എത്തിക്കുന്നതുവരെ ശീതീകരണ സംവിധാനത്തിൽ ($2^{\circ}$ C to $8^{\circ}$ C)-ൽ സൂക്ഷിക്കേണ്ടതുണ്ട്. ആയതിനാൽ ഈ മരുന്ന് സാമ്പിളുകൾ പരിശോധിക്കുന്നതിലേക്കായി ഏകദേശം 40,000/-രൂപയാണ് ചെലവ്. എന്നിരുന്നാലും വളരെ അത്യാവശ്യ ഘട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഇത്തരത്തിലുള്ള വാക്സിനുകൾ ആരോഗ്യ വകുപ്പ്, എൻ.ആർ.എച്ച്.എം., കെ.എം.എസ്.സി.എൽ എന്നിവരുടെ ഫണ്ട് ഉപയോഗപ്പെടുത്തി സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കാറുണ്ട്. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നായയുടെ കടിയേറ്റവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | ഡി) | ഇതു സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## Annesure I

### Dog Bite Report during the period from June 2016 to August 2016

| Sl. No. | District | June | | July | | August | | Total | |
|---|---|---|---|---|---|---|---|---|---|
| | | Dog Bite cases | Deaths | Dog Bite cases | Deaths | Dog Bite cases | Deaths | Dog Bite cases | Deaths |
| 1 | Thiruvananthapuram | 2023 | 0 | 2007 | 0 | 2012 | 0 | 6042 | 0 |
| 2 | Kollam | 1436 | 0 | 1224 | 0 | 1463 | 0 | 4123 | 0 |
| 3 | Pathanamthitta | 314 | 0 | 524 | 0 | 524 | 0 | 1362 | 0 |
| 4 | Alappuzha | 668 | 0 | 95 | 0 | 530 | 0 | 1293 | 0 |
| 5 | Kottayam | 704 | 0 | 1049 | 0 | 910 | 0 | 2663 | 0 |
| 6 | Idukki | 447 | 0 | 407 | 0 | 513 | 0 | 1367 | 0 |
| 7 | Ernakulam | 223 | 0 | 902 | 0 | 984 | 0 | 2109 | 0 |
| 8 | Thrissur | 695 | 0 | 679 | 0 | 564 | 0 | 1938 | 0 |
| 9 | Palakkad | 1413 | 0 | 1386 | 0 | 1506 | 0 | 4305 | 0 |
| 10 | Malappuram | 619 | 0 | 701 | 0 | 627 | 0 | 1947 | 0 |
| 11 | Kozhikode | 438 | 0 | 572 | 0 | 617 | 0 | 1627 | 0 |
| 12 | Wayanad | 249 | 0 | 194 | 0 | 215 | 0 | 658 | 0 |
| 13 | Kannur | 323 | 0 | 469 | 0 | 299 | 0 | 1091 | 0 |
| 14 | Kasargode | 109 | 0 | 147 | 0 | 333 | 0 | 589 | 0 |
| | Total | 9661 | 0 | 10356 | 0 | 11097 | 0 | 31114 | 0 |